# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 31/15, ചൊവ്വാഴ്ച** **തീയ്യതി 28.07.2015**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 181.8 മില്ലി.മീറ്റർ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 26.0 മുതൽ 30.1 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.7 മുതൽ 23.8 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 96 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 62 മുതൽ 97 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 00 മുതൽ 08 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 0.0 മുതൽ 1.1 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 0.0 മുതൽ 3.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.07.15 | 30.08.15 | 31.07.15 | 01.08.15 | 02.08.15 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 010 | 010 | 008 | 008 | 008 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വളർച്ച-പരിപാലന ഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ചിനപ്പുപൊട്ടുന്ന ഘട്ടം) | പോളരോഗം, പോളഅഴുകൽ, ബാക്ടീരിയ മൂലമുള്ള കരിച്ചിൽ | അന്തരീക്ഷ ആർദ്രത കൂടിയതിനാൽ നെല്ലിൽ പോളരോഗം, പോളഅഴുകൽ, ബാക്ടീരിയ മൂലമുള്ള കരിച്ചിൽ എന്നിവക്കു സാധ്യതയുണ്ട്. സ്യൂഡോമോണാസ് ഫ്ളൂറസൻസ് (2.5 കിലോ ഒരു ഹെക്ടർ) എന്ന ബാക്ടീരിയ നെല്ലിന്റെ കുമിൾ, ബാക്ടീരിയ രോഗങ്ങക്കുമെതിരെ ഫലപ്രദമാണ്. |
| തെങ്ങ് (തടം തുറക്കൽ) | **ചെന്നീ**രൊലിപ്പ് | **ചെന്നീ**രൊലിപ്പ് നിയന്ത്രിക്കുവാൻ, രോഗം ബാധിച്ച ഭാഗം മുഴുവൻ ചുരണ്ടി കളഞ്ഞ് മുറിവിൽ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. 2 ദിവസത്തിനു ശേഷം കോൾടാർ പൂശണം. ചുരണ്ടി എടുത്ത ഭാഗം തീയിട്ടു നശിപ്പിക്കുക. |
| | കൊമ്പൻചെല്ലി | 250 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് തുല്യ അളവ് മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുററുമുള്ള മൂന്നോ നാലോ ഓലപ്പട്ടയ്ക്കുള്ളിൽ നിറയ്ക്കുക. |
| വാഴ | സിഗാടോക്ക രോഗം | ആരംഭഘട്ടത്തിൽ തന്നെ സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| | പിണ്ടിപ്പുഴു | ആരംഭഘട്ടത്തിൽ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിക്കുക. അധികമായാൽ 3 മി.ല്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഏതെങ്കിലും പശ ചേർത്തു വാഴത്തടയിൽ തേച്ചു പിടിപ്പിക്കുക. |
| ജാതി | വേരുചീയൽ മൂലമുള്ള കായ്പൊഴിച്ചിൽ | കാർബൻഡാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് മരമൊന്നിന് പ്രായമനുസരിച്ച് 10 മുതൽ 15 ലിറ്റർ വരെ തടത്തിൽ ഒഴിച്ചുകൊടുക്കുക. |
| | ഇല കൊഴിച്ചിൽ | മഴക്കാലത്ത് ഇല കൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. 1% ബോർഡോ മിശ്രിതം തളിക്കുക. |
| പച്ചക്കറികൾ വിവിധ ഘട്ടങ്ങൾ മുളക് | വെള്ളീച്ച | വെള്ളീച്ചയെ നിയന്ത്രിക്കുന്നതിനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പലയിടത്തായി തൂക്കിയിടുക. |